THE STATE ELECTRICITY OMBUDSMAN
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

അപ്പീൽ പരാതി നമ്പർ: P/014/2025

(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)

തീയതി: 24 -04- 2025

പരാതിക്കാരി	:	ശ്രീമതി. ചിത്ര നായർ പ്രിൻസിപ്പൽ ഭാരതീയ വിദ്യാഭവൻ വിദ്യാമന്ദിർ പൂച്ചാട്ടി, ഇരവിമംഗലം പി.ഒ തൃശ്ശൂർ - 680751.
എതിർകക്ഷി	:	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മണ്ണുത്തി, തൃശ്ശൂർ ജില്ല.

ഉത്തരവ്

പരാതിയുടെ പശ്ചാത്തലം

പരാതിക്കാരിയായ ശ്രീമതി. ചിത്ര നായർ ഭാരതീയ വിദ്യാഭവൻ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ ആണ്. തൃശ്ശൂർ ജില്ലയിലെ ഇരവിമംഗലത്ത് പൂച്ചാട്ടി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഭാരതീയ വിദ്യാഭവൻ ലൈസൻസിയായ **KSEBL** ന്റെ നടത്തറ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഒരു ഉപഭോക്താവാണ്. ഇത് ഒരു **self financing Institution** ആയതിനാൽ **2007** ലെ **KSERC** യുടെ താരിഫ് നിർണയത്തിൽ **LT 6 A** യിൽ നിന്നും **LT 7A** യിലേയ്ക്ക് മാറ്റി. പുതിയ താരിഫ് മാറ്റം നിലവിൽ വന്ന സമയം മുതൽ **LT 7 A** യിൽ ബില്ല് ചെയ്തിരുന്നെങ്കിലും **12/2009, 01/2010, 02/2010** എന്നീ മൂന്നു മാസങ്ങളിൽ പഴയ താരിഫായ **LT 6 A** പ്രകാരം ബില്ല്

നൽകിയിരുന്നു. ബില്ല് പ്രകാരമുള്ള തുക യഥാസമയം ഉപഭോക്താവ് അടയ്ക്കുകയും ചെയ്തിരുന്നു. 30/11/2023 ൽ ലൈസൻസിയുടെ ആഡിറ്റിങ് വിഭാഗം നടത്തിയ ആഡിറ്റിലാണ് ഈ പിശക് കണ്ടെത്തിയത്. ഈ മൂന്നുമാസങ്ങളിലെ താരിഫ് മാറ്റം മൂലം കുറവുവന്ന തുക Rs 49,448/- ആയിരുന്നു. എന്നാൽ 26/09/2024 ൽ ലൈസൻസി പലിശയുൾപ്പെടെ Rs 1,80,389/- രൂപയുടെ ഡിമാന്റ് നൽകി. പലിശ നൽകാൻ ഉപഭോക്താവ് ബാധ്യസ്ഥരല്ല എന്ന വാദം, ലൈസൻസി അംഗീകരിക്കാൻ തയ്യാറാവാത്തതിനാൽ CGRF ൽ പരാതി നൽകുകയുണ്ടായി. പരാതി പരിശോധിച്ച് മറ്റ് നടപടികൾ പൂർത്തിയാക്കി CGRF 10/01/2025 ൽ ഉത്തരവിറക്കി. പ്രസ്തുത ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

പരാതിക്കാരിയുടെ വാദം

26.09.2024-ൽ ലെറ്റർ നമ്പർ DB/ES/NTA/RAO audit bill/24/131/26.9.24 പ്രകാരം കെ.എസ്.ഇ.ബി.നടത്തറ സെക്ഷൻ അസി.എഞ്ചിനീയർ ഒപ്പിട്ട ഒരു കത്ത് ലഭിക്കുകയുണ്ടായി. ടി കത്തിൽ 12/2009 മുതൽ 2/2010 വരെ 3 മാസക്കാലം താരിഫ് നിർണ്ണയത്തിലെ അപാകത മൂലം 49,448/- രൂപയുടെ കുറവ് സംഭവിച്ചെന്നും ആയത് 1,30,941/- രൂപ പലിശ സഹിതം മൊത്തം 1,80,389/- രൂപ 30 ദിവസത്തിനുള്ളിൽ അടച്ച് തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

ഒരു കൺസ്യൂമറുടെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരു short assessment തുക KSEB എന്നാണ് ആ തുക demand ചെയ്ത് നൽകുന്നുവോ ആ തീയതി മുതൽ അത് അടക്കുവാൻ നൽകിയിരിക്കുന്ന അനുവദനീയമായ 30 ദിവസം കഴിഞ്ഞിട്ടും ടി തുക അടക്കാതെ അത് due amount ആയാൽ മാത്രമേ ആ ദിവസം മുതലുള്ള 12/2009, 1/2010, 2/2010 എന്നീ 3 മാസങ്ങളിലെ പ്രതിമാസ ബില്ല് VII A Tariff rate -ന് പകരം VI A Tariff rate -ലാണ് നൽകിയത് എന്ന കാര്യം 31.12.2023-ലെ Regional Audit Officer- ന്റെ കണ്ടെത്തൽ അടിസ്ഥാനമാക്കി മേൽപ്പറഞ്ഞ 12/2009, 1/2010, 2/2010 എന്നീ 3 മാസ കാലയളവിലെ VIA VIIA Tariff -കളുടെ വ്യത്യാസത്തിൽ KSEB ക്ക് കുറഞ്ഞുപോയ തുകയായ FC 15,300/- + EC 31,044/- + Duty 3104/- അടക്കം മൊത്തം തുകയായ 49,448 രൂപ Short assessment -ആയി Demand ചെയ്ത് ഞങ്ങളിൽ നിന്ന് വസൂലാക്കുന്നതിനു പകരം ടി തുകയോടൊപ്പം 1,30,941/- രൂപ പലിശ ഇനത്തിലും ഉൾപ്പെടുത്തി മൊത്തം 1,80,389/- രൂപയാണ് 26.9.2024-ൽ Demant ചെയ്തിരിക്കുന്നത്. 2/2010- ന് ശേഷം

31.12.2023 ലെ Audit-ൽ ആണ് മേൽപ്പറഞ്ഞ അപാകത കണ്ടു പിടിച്ചത്. കെ.എസ്.ഇ.ബി.യുടെ Audit വിഭാഗം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ യഥാസമയം Audit നടത്തിയിരുന്നെങ്കിൽ ഈ അപാകത നേരത്തെ കണ്ടുപിടിക്കാമായിരുന്നു. അതിനുപകരം യാതൊരു മാനദണ്ഡങ്ങളുമില്ലാതെ 2009-ലെ ഒരു തെറ്റ് 2023-ൽ കണ്ടുപിടിച്ച് ഈ വലിയ കാലയളവിലെ പലിശ ഉൾപ്പെടുത്തി ബില്ല് നൽകുന്ന രീതി ഒരിക്കലും നീതീകരിക്കാനാവാത്ത കാര്യമാണെന്നും അറിയിക്കുന്നു.

Kerala Electricity Supply Code 2014, Regulation 152 (1),(2),(3) താഴെ വിവരിക്കുന്നു.

152(1) ലൈസൻസിയുടെ ഭാഗത്തെ ക്രമക്കേടുകളായ തെറ്റായ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ ഉപഭോക്താവിന്റെ വൈദ്യുതി ഉപയോഗത്തിന്റെ ഉദ്ദേശത്തിൽ മാറ്റമില്ലാതെ ലൈസൻസി തെറ്റായ താരിഫ് നൽകിയത്, മീറ്ററിങ്ങിലെ കൃത്യതയില്ലായ്മ തുടങ്ങിയ എന്തെങ്കിലും ഉപഭോക്താവിന്റെ പ്രമിസിസിലെ പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ, നിയമത്തിലെ 126-ആം വകുപ്പോ നിയമത്തിലെ 135-ആം വകുപ്പോ പ്രയോഗിക്കേണ്ടതില്ല.

(2) ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ലൈസൻസി വൈദ്യുതി ചാർജ്ജ് തുക ഈടാക്കിയതിൽ വന്നിട്ടുള്ള കുറവ്, എന്തെങ്കിലുമുണ്ടെങ്കിൽ, ക്രമക്കേട് ഉണ്ടായ കാലയളവിൽ ബാധകമായ താരിഫ് നിരക്കിൽ മാത്രമെ ഉപഭോക്താവിൽ നിന്നും ഈടാക്കാൻ പാടുള്ളൂ.

(3) ക്രമക്കേട് ഉണ്ടായിരുന്ന മുഴുവൻ കാലയളവിലും കുറവായി ഈടാക്കിയ വൈദ്യുതി ചാർജ്ജ് തുക പലിശ ഈടാക്കാതെ ലൈസൻസി വസൂലാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ Regulation പ്രകാരം KSEB ക്ക് തെറ്റായ താരിഫ് രേഖപ്പെടുത്തിയ 3 മാസ കാലയളവിലെ കുറവ് വന്നിട്ടുള്ള തുക മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്നും ടി തുക പലിശ ഈടാക്കാതെ ലൈസൻസി വസൂലാക്കേണ്ടതാണ് എന്നും കൃത്യമായി പറയുന്നുണ്ട്. ആയതിനാൽ പലിശ തുകയായ 1,30,941/-(ഒരു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപത്തിയൊന്ന്) രൂപ റദ്ദ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരക്കണമെന്ന് അപേക്ഷിക്കുന്നു.

ഞങ്ങളുടെ സ്ഥാപനം **LT 6 A Tariff** -ൽ ആണ് ബിൽ അടച്ചുകൊണ്ടിരിക്കുന്നത്. **Short Assessment Bill** വന്നപ്പോൾ ഞങ്ങൾ താരിഫ് മാറ്റത്തെക്കുറിച്ച് അറിയാൻ ശ്രമിക്കുകയും വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി പ്രകാരം **8.11.2007** വരെയാണ് ഞങ്ങളെ **6A tariff** -ൽ ബിൽ ചെയ്തിരിക്കുന്നതെന്നും **1.12.2007** മുതൽ **30.4.13** വരെ **VII A Tariff** -ലാണ് ബിൽ ചെയ്തിരിക്കുന്നതെന്നും **16.8.20214** മുതൽ ഇന്നേ ദിവസം വരെ **6F tariff** -ലാണ് ബിൽ ചെയ്യുന്നതെന്നും അറിയാൻ കഴിഞ്ഞു. ഓരോ **Tariff** മാറ്റ സമയത്തും ഈ വിവരം കത്തിലൂടെ കൺസ്യൂമറെ അറിയിച്ച് കൺസ്യൂമർക്ക് താരിഫ് മാറ്റവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അതിന് അവസരം നൽകാതെ ഏകപക്ഷീയമായിട്ട് താരിഫ് മാറ്റുന്ന രീതി വലിയ അനീതിയാണെന്നും ഇത് കേരള ഇലക്ട്രിസിറ്റി ബോർഡ് സപ്ലൈ കോഡ് **2014** റഗുലേഷൻ **97**-ന്റെ നഗ്നമായ ലംഘനമാണെന്നും കൺസ്യൂമറുടെ അവകാശങ്ങളെ ഹനിക്കുന്ന നടപടിയാണെന്നും അറിയിക്കുന്നു. റഗുലേറ്ററി കമ്മീഷന്റെ **2014**-ൽ തയ്യാറാക്കിയിട്ടുള്ള സപ്ലൈ കോഡും അതിലെ റഗുലേഷൻസും ഉപഭോക്താവിന് നീതികിട്ടുന്നതിനുവേണ്ടിയാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ ഈ സപ്ലൈ കോഡിലെ വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കുവാൻ **KSEB** ക്ക് ബാധ്യതയില്ല എന്നുള്ള നിലയിലാണ് **KSEB** യുടെ ബില്ലിങ്ങ് രീതികൾ കാണുന്നത്. സപ്ലൈ കോഡ് **2014** -ലെ **KSEB** ക്ക് ഗുണകരവും അനുകൂലവുമായ വ്യവസ്ഥകൾ പാലിക്കുവാൻ കൺസ്യൂമർ ബാധ്യസ്ഥനാണെന്ന് **KSEB** പറയുമ്പോൾ കൺസ്യൂമർക്ക് ഗുണകരവും അനുകൂലവുമായ സപ്ലൈ കോഡ് **2014**-ലെ വ്യവസ്ഥകൾ **KSEB** ക്കും ബാധ്യതയുണ്ടെന്നുള്ള കാര്യം **KSEB** പലപ്പോഴും വിസ്മരിക്കുകയാണ് ചെയ്യുന്നത്.
ആയതിനാൽ മേൽപ്പറഞ്ഞ വിഷയങ്ങൾ പരിഗണിച്ച് ഷോർട്ട് അസ്സസ്സ്മെന്റ് തുകയായ **49,448/-** രൂപ അടക്കാൻ അനുവദിക്കണമെന്നും പലിശ തുകയായ **1,30,941/-** (ഒരു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയൊന്ന് രൂപ റദ്ദ് ചെയ്യാനും വേണ്ട നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

എതിർകക്ഷിയുടെ വാദം

പെറ്റീഷനിൽ പരാമർശിക്കുന്ന **1156770002490** എന്ന കൺസ്യൂമർ നമ്പർ നടത്തറ ഇലക്ട്രിക്കൽ സെക്ഷൻ കീഴിലുള്ള കണക്ഷൻ നിലവിൽ **6F** താരീഫിൽ **84640 watts** കണക്ടഡ് ലോഡിൽ നൽകി കാണുന്നു.

കൺസ്യൂമർ ബഹുമാനപ്പെട്ട **CGRF** എറണാകുളം മുൻപാകെ **OP NO 95/ 24 - 25** പ്രകാരം നൽകിയ പെറ്റിഷൻ **10.01.2025** ലെ ഉത്തരവ് പ്രകാരം,

"***1.*** *ലൈസൻസി പരാതിക്കാരന് **26/09/2024** ൽ നൽകിയ **1,80,389/-**രൂപയുടെ ബില്ല് റദ്ദ് ചെയ്യുന്നു.*

*2. **12/2009** മുതൽ **02/2010** വരെയുള്ള **3** മാസത്തെ ബില്ലിന്മേൽ താരിഫ് നിർണയത്തിന്റ വ്യതിയാനത്തിൽ വന്ന ആകെ തുകയായ **49448/-** രൂപയോടൊപ്പം പ്രസ്തുത കുടിശ്ശികയിൻ **29/02/2020** തിയതി വരെയുള്ള പലിശ മാത്രം കണക്കാക്കി പുതിയ ബില്ല് **15** ദിവസത്തത്തിനകം നൽകേണ്ടതാണ്."* എന്ന് തീർപ്പാക്കുകയുണ്ടായി .കെ.എസ്.ഇ.ബി.എൽ നിയമ വിഭാഗത്തിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ മേൽ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല. മേൽ ഉത്തരവിന്മേലാണ് കൺസ്യമർ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത് .

ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ **26-11-2007**-ന്റെ താരിഫ് ഉത്തരവ് പ്രകാരം '**Self financing educational institution**' **LT 7 A** എന്ന താരിഫിൽ **01-12-2007** തീയതി പ്രകാരം പ്രാബല്യത്തിൽ വന്നു എന്നാൽ **1156770002490** എന്ന കണക്ഷൻ **6A** താരിഫിൽ ആണ് ബില്ല് ചെയ്ത് വന്നത്. കെ.എസ്.ഇ.ബി തൃശ്ശൂർ റീജിയണൽ ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം **26-09-2024** തീയതി ഡിമാൻഡ് നോട്ടീസ് (രൂപ **180389/-**) നടത്തറ സെക്ഷനിൽ അസിസ്റ്റൻറ് എൻജിനീയർ ഉപഭോക്താവിന് നൽകുകയുണ്ടായി.ഇതാണ് പരാതിക്ക് ആസ്പദം. **12/2009,01/2010,02/2010** കാലയളവിലെ **short assessment(Energy charge+ Fixed charge+ Duty)** തുകയും മേൽ തുകയിൽ വന്നിട്ടുള്ള **30.09.2024** വരെയുള്ള **surcharge** ഉം ഉൾപ്പെടെയാണ് ബിൽ നൽകിയത്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് **2014** റെഗുലേഷൻ **152 (1), (2)** പ്രകാരം

152.Anomalies attributable to the licensee which are detected at the premises of the consumer.- ***(1)*** *Anomalies attributable to the licensee which are detected on inspection at the premises of the consumer, such as wrong application of multiplication factor, incorrect application of tariff by the licensee even while there is no change in the purpose of use of electricity by the consumer and inaccuracies in metering shall not attract provisions of Section 126 of the Act or of Section 135 of the Act.*

(2) *In such cases, the amount of electricity charges short collected by the licensee, if any, shall only be realised from the consumer under normal tariff applicable to the period during which such anomalies persisted)*

26-11-2007 ലെ താരിഫ് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ ഒരു കൂട്ടം **Self-financing educational institutions** ഫയൽ ചെയ്ത കേസുകൾ **dismiss** ചെയ്യുകയുണ്ടായി. എന്നാൽ **Self financing educational institutions** നൽകിയ അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിക്കുകയും അതിനെതിരെ കെ.എസ്.ഇ.ബി ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ **CA No. 8350/ 2009** പ്രകാരം അപ്പീൽ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട സുപ്രീം കോടതി **20-02-2020** ലെ ജഡ്ജ്മെന്റ് അപ്പീൽ അനുവദിക്കുകയും **No error was committed by KSERC in fixing higher tariff for the Self financing educational institutions caterizing them as commercial entities and LT 7A tariff".**

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ കണ്ടെത്തൽ പ്രകാരം കെ. എസ്. ഇ. ബി.എൽ-ന് സംഭവിച്ചിട്ടുള്ള നഷ്ടം നികത്തുന്നതിനായി ഷോർട്ട് അസ്സെസ്സ്മെന്റ് ബില്ല് ചെയ്യുന്നതിനും തർക്കം നിലനിന്നിരുന്ന കാലയളവിലെ പലിശ ഉൾപ്പെടെ വസൂലാക്കാവുന്നതാണ് എന്നും കാണുന്നു . ദി ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട്, **2003** സെക്ഷൻ **56** പ്രകാരമുള്ള ലിമിറ്റേഷൻ പിരീഡും മേൽ വിഷയം ബഹുമാനപ്പെട്ട കോടതികളുടെ മുൻപാകെ പരിഗണനയിൽ ആയിരുന്നത് കൊണ്ടും ഇതിൽ ബാധകമല്ല. നിലവിൽ പരാതിയ്ക്കാസ്പദമായ തുകയിൽ **60528/-**രൂപയാണ് കുടിശ്ശികയായി നിലനിൽക്കുന്നത് ബാലൻസ് തുക **installment** വ്യവസ്ഥയിൽ കൺസ്യൂമർ ഒടുക്കിയിട്ടുണ്ട് . മേൽ വസ്തുതകൾ കണക്കിലെടുത്ത് അപ്പീൽ അപേക്ഷ നിരുപാധികം തള്ളേണ്ടതാണ് എന്ന് അപേക്ഷിക്കുന്നു.

പരാതിക്കാരിയുടെ എതിർവാദം

ബഹുമാനപ്പെട്ട **CGRF** ന്റെ വിധിക്കെതിരെ ഞങ്ങൾ ബഹുമാനപ്പെട്ട കേരള സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മണ്ണുത്തി **(Respondent)** സമർപ്പിച്ച വാദങ്ങൾക്കുള്ള ഞങ്ങളുടെ മറുപടി താഴെ ചേർക്കുന്നു.

12/2009, 1/2010, 2/2010 എന്നീ **3** മാസത്തെ തെറ്റായ താരിഫ് നിർണ്ണയം മൂലം ഇലക്ട്രിസിറ്റി ബോർഡിന് **49,448/-** രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് **31-12-2023** ലെ ഓഡിറ്റിൽ ഓഡിറ്റ് ഓഫീസർ കണ്ടെത്തിയതിനെ അടിസ്ഥാനമാക്കി

കുറവുവന്ന തുകയായ **49,448/-** ഡിമാന്റ് ചെയ്യുന്നതിനു പകരം **2/2010** മുതൽ **9/2024** വരെയുള്ള **15** വർഷത്തെ പലിശയായ **1,30,941/-** രൂപ കൂട്ടി മൊത്തം **1,80,389/-** രൂപയാണ് **26-9-2024** ൽ ഡിമാന്റ് ചെയ്തത് ഇതിൽ കുറവുവന്ന തുകയായ **49,448/-** രൂപ അടക്കാൻ തയ്യാറാണെന്നും പലിശയായ **1,30,941/-** രൂപ ഒഴിവാക്കി തരണമെന്നും ആവശ്യപ്പെട്ട് **CGRF** ൽ പരാതി നൽകിയെങ്കിലും **29-2-2020** തീയതി വരെയുള്ള **11** കൊല്ലത്തെ പലിശ ഈടാക്കാനും **4** കൊല്ലത്തെ പലിശ ഒഴിവാക്കുവാനും ബഹുമാനപ്പെട്ട **CGRF** ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിൽ തൃപ്തി വരാത്തതുകൊണ്ടാണ് പലിശ തുക പൂർണ്ണമായും ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ഓംബുഡ്സ്മാന് പരാതി സമർപ്പിച്ചത്.

താരിഫ് നിർണ്ണയത്തിലെ ഈ അപാകത മൂലം ലൈസൻസിക്ക് നഷ്ടമായ തുകയായ **49,448/-** രൂപയുടെ ബിൽ **2/2010** ൽ തന്നെ ഞങ്ങൾക്ക് നൽകിയിരുന്നെങ്കിൽ അപ്പോൾ തന്നെ അത് പലിശ കൂടാതെ അടക്കുവാൻ ഉള്ള അവസരം ഞങ്ങൾക്ക് കിട്ടുമായിരുന്നു. **2/2010** ൽ ഈ തുക ഡിമാന്റ് ചെയ്തിട്ടും ഞങ്ങൾ അടക്കാതെ തുടർന്നുള്ള ഞങ്ങളുടെ പ്രതിമാസ ബില്ലുകളിൽ ഈ തുക അരിയർ ആയി കാണിച്ചുകൊണ്ട് ബിൽ തരികയായിരുന്നു എങ്കിൽ മാത്രമാണ് ഈ പലിശ അടക്കുവാൻ ഞങ്ങൾ ബാധ്യസ്ഥരാകുന്നുള്ളൂ. ഒരു ബിൽ തുക എന്ന് ഡിമാന്റ് ചെയ്യുന്നുവോ അത് അടക്കുവാൻ അനുവദിക്കുന്ന പിരീഡിന് ഉള്ളിൽ അത് അടക്കാതെ വന്നാൽ മാത്രമേ അത് **due** ആകുകയും പലിശക്ക് അർഹതയും വരുന്നുള്ളൂ എന്നിരിക്കെ **9/2024** ൽ ഓഡിറ്റിലെ കണ്ടെത്തൽ എന്ന് പറഞ്ഞ് **15** കൊല്ലം മുമ്പുള്ള **3** മാസത്തെ കറന്റ് ചാർജിൽ വന്ന കുറവ് എന്ന് പറഞ്ഞ് ആ കുറവ് വന്ന തുകയായ **49,448/-** രൂപ ഈടാക്കുന്നതിനു പകരം ഈ തുകയ്ക്ക് പലിശയിനത്തിൽ **1,30,941/-** രൂപയും **(15** കൊല്ലത്തെ പലിശ) ഉൾപ്പെടുത്തി **1,80,389/-** രൂപ ആണ് അടക്കുവാൻ ആവശ്യപ്പെടുന്നത്.

സുപ്രീം കോടതി വിധിയെ സംബന്ധിച്ചോ, **Limitation period**നെ കുറിച്ചോ **short assessment**നെ കുറിച്ചോ ഞങ്ങൾ തർക്കം ഉന്നയിച്ചിട്ടില്ല. **short assessment** നോടൊപ്പം പലിശ ഈടാക്കിയതിനെക്കുറിച്ച് മാത്രമാണ് തർക്കം ഉന്നയിച്ചത്. ഡിസ്കണക്ഷന്റെ പേരിൽ ഭീഷണിപ്പെടുത്തിയപ്പോഴാണ് ഡിസ്ക ണക്ഷൻ ഒഴിവാക്കാൻ ടി തുക ഗഡുക്കാളാക്കിയതും, ഗഡുക്കൾ പ്രൊട്ടസ്റ്റ് ചെയ്ത് അടച്ചതും. ആയതിനാൽ അന്യായമായി ഡിമാന്റ് ചെയ്ത പലിശ തുകയായ **1,30,941/-** രൂപ റദ്ദ് ചെയ്യുവാനും അടച്ച തുകയിൽ നിന്ന് **short**

assessment തുകയായ **49448/-** രൂപ കിഴിച്ച് ബാക്കി തുക **refund** ചെയ്യുവാനും ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **15/04/2025**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരിയായ ശ്രീമതി.ചിത്ര നായരെ പ്രതിനിധീകരിച്ച് ശ്രീ.എൻ.വേണുഗോപാൽ (വൈസ് ചെയർമാൻ) എതിർ കക്ഷിയായ ശ്രീമതി. സജീന.എച്ച്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മണ്ണുത്തി, തൃശ്ശൂർ എന്നിവരാണ് പങ്കെടുത്തത്.

തൃശ്ശൂർ ജില്ലയിൽ നടത്തറ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വരുന്ന ഒരു **LT 3 phase** ഉപഭോക്താവാണ് ഭാരതീയ വിദ്യാഭവൻ വിദ്യാമന്ദിർ. **84.64 KW connected load** ഉള്ള ഈ കണക്ഷൻ **LT 6 F** താരിഫിൽപ്പെട്ടതാണ്. ഈ സ്ഥാപനം ഒരു **Self Financing Institution** ആയതിനാൽ **24/11/2007** ൽ **KSERC** ഇറക്കിയ താരിഫ് ഉത്തരവ് പ്രകാരം **01/12/2007** മുതൽ ബാധകമായ താരിഫ് **LT 7 A** ആയിരുന്നു. എന്നാൽ ഈ സ്ഥാപനത്തിന് **LT 7 A** ബാധകമായെങ്കിലും **Oruma software** ൽ മാറ്റം വരുത്തുകയോ **site** പരിശോധിച്ച് താരിഫ് മാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. എന്നാൽ **01/12/2007** മുതൽ **system** ഉണ്ടാക്കുന്ന ബില്ലിൽ കൈയ്യാൽ തിരുത്തൽ വരുത്തി നൽകിയിരുന്നു എന്നാണ് എതിർകക്ഷി വാദത്തിൽ ഉന്നയിച്ചത്. സെക്ഷനിലെ ഉദ്യോഗസ്ഥനാണ് ഇങ്ങനെ ബിൽ തിരുത്തി നല്കിക്കൊണ്ടിരുന്നത്. ഒരു പുതിയ താരിഫ് നിലവിൽ വരുമ്പോൾ അത് ബാധകമാകുന്ന ഉപഭോക്താക്കളെ കണ്ടെത്തി താരിഫ് മാറ്റി ബില്ല് നല്കുകയോ സംശയമുണ്ടെങ്കിൽ സ്ഥലപരിശോധന നടത്തി ഉപഭോക്താവിന്റെ സാനിധ്യത്തിൽ താരിഫ് മാറ്റം ബാധകമാണെന്ന് ബോധ്യപ്പെടുകയോ ചെയ്യേണ്ടത് സെക്ഷനിലെ ഉദ്യോഗസ്ഥനാണ്. ഈ കേസിൽ അത് നടന്നിട്ടില്ല എന്നത് വ്യക്തമാകുന്നു. ഇവിടെ കയ്യാൽ തിരുത്തി ബില്ല് നൽകിയിരുന്ന ഉദ്യോഗസ്ഥൻ മാറി പുതിയ ആൾ വന്നപ്പോഴായിരിക്കാം അങ്ങനെ തിരുത്തി ബില്ല് നൽകാതെ **system generate** ചെയ്യുന്ന ബിൽ തന്നെ നൽകിയത്. അങ്ങനെയാണ് **12/2009, 01/2010, 02/2010** എന്നീ മൂന്നു മാസങ്ങളിൽ പഴയ താരിഫ് പ്രകാരം ബില്ല്

നൽകിയത്. എന്നാൽ **03/2010** മുതൽ ശരിയായ താരിഫിൽ ബില്ല് നൽകി വന്നിരുന്നു. ഇങ്ങനെ ഉണ്ടായിട്ടുള്ള തെറ്റ് കണ്ടെത്തിയിരിക്കുന്നത് **30/11/2023** ൽ നടന്ന ആഡിറ്റിങ്ങിലാണ്. അതായത് **13** വർഷങ്ങൾക്കു ശേഷമാണ് ഇങ്ങനെ ഉണ്ടായിട്ടുള്ള പിഴവ് കണ്ടെത്തിയതും ഈ **13** വർഷത്തേക്കുള്ള പലിശ സഹിതം ബില്ലു നൽകിയതും. ഇത്തരം കേസുകളിൽ ബാധകമായിട്ടുള്ള ചട്ടം ഏതാണെന്ന് പരിശോധിക്കാം. **Kerala State Electricity Regulatory Commission** ഇറക്കിയിട്ടുള്ള **Kerala Electricity Supply Code 2014** ലെ **regulation 152** ഇവിടെ ബാധകമായിട്ടുള്ളത്.

152. ***Anomalies attributable to the licensee which are detected at the premises of the consumer***. –

(1) Anomalies attributable to the licensee which are detected on inspection at the premises of the consumer, such as wrong application of multiplication factor, incorrect application of tariff by the licensee even while there is no change in the purpose of use of electricity by the consumer and inaccuracies in metering shall not attract provisions of Section 126 of the Act or of Section 135 of the Act.

(2)In such cases, the amount of electricity charges short collected by the licensee, if any, shall only be realised from the consumer under normal tariff applicable to the period during which such anomalies persisted.

(3) The amount of electricity charges short collected for the entire period during which such anomalies persisted, may be realised by the licensee without any interest: Provided that, if the period of such short collection due to the anomalies is not known or cannot be reliably assessed, the period of assessment of such short collection of electricity charges shall be limited to twelve months: Provided further that while assessing the period of such short collection the factors as specified in sub regulation (8) of regulation 155 shall be considered: Provided also that realisation of electricity charges short collected shall be limited for a maximum period of twenty four months, even if the period during which such anomaly persisted is found to be more than twenty four months

(4) The consumer may be given installment facility by the licensee for a maximum period of twelve months without interest for the remittance of such amount of short collection.

ഈ റെഗുലേഷനിൽ വളരെ വ്യക്തമായി പറയുന്നു, ഇങ്ങനെ കുറവുവന്നിട്ടുള്ള തുക ഈടാക്കുമ്പോൾ സാധാരണ താരിഫ് പ്രകാരമുള്ള തുക മാത്രമേ ഈടാക്കാവൂ മാത്രമല്ല പലിശ ഈടാക്കാൻ പാടില്ല.

താരിഫ് മാറ്റം ചോദ്യം ചെയ്തുകൊണ്ട് ചില **self financing** സ്ഥാപനങ്ങൾ ഹൈക്കോടതിയിൽ നൽകിയ പരാതികളെക്കുറിച്ചും അതിനെതിരെ **KSEBL**

ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചതിനെക്കുറിച്ചും അങ്ങനെ സുപ്രീം കോടതി ഉത്തരവ് **KSEBL** ന് അനുകൂലമായി ലഭിച്ചതുമൊക്കെ എതിർകക്ഷി ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ സ്ഥാപനം കേസിൽ കക്ഷിയല്ലാതിരുന്നതിനാൽ തന്നെ ഈ വാദങ്ങളൊന്നും ഇവിടെ പ്രസക്തമായി വരുന്നില്ല. ഇവിടെ ഏറ്റവും അനുയോജ്യമായി വരുന്നത് **Supply Code 2014** ലെ റെഗുലേഷൻ **152** ആണ്. അതുപ്രകാരം ഈ കുറവ് വന്ന തുകയ്ക്ക് പലിശ ഈടാക്കാൻ പാടില്ല. ഇവിടെ കണക്ഷൻ റദ്ദു ചെയ്യാതിരിക്കാൻ വേണ്ടി പരാതിക്കാരൻ പലിശ ഉൾപ്പെടെ **1,80,389/-** രൂപ അടച്ചു തീർത്തു. ഇതിൽ **49,448/-** രൂപ മൂന്ന് മാസത്തെ താരിഫ് മാറ്റത്തിൽ കുറവുവന്ന തുകയും **1,30,941/-** രൂപ പലിശയുമാണ്. പലിശ ഈടാക്കിയത് നീതിയുക്തമല്ലാത്തതിനാൽ ഈ പലിശ തുക പരാതിക്കാരന് തിരികെ നൽകേണ്ടതാണ്.

തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. **12/2009, 01/2010, 02/2010** എന്നീ മാസങ്ങളിൽ താരിഫ് മാറ്റത്തിൽ കുറവുവന്ന തുകയായ **49,448/-** രൂപ മാത്രമേ അടയ്ക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനാകുകയുള്ളു.
2. ഇങ്ങനെ കുറവുവന്ന തുക ഈടാക്കുമ്പോൾ പലിശ ഈടാക്കാൻ പാടുള്ളതല്ല.
3. പലിശയായി അധികം ഈടാക്കിയ **1,30,941/-** രൂപ ഉപഭോക്താവിന് തിരികെ നൽകുകയോ ഭാവിയിലുള്ള ബില്ലുകളിൽ ക്രമപ്പെടുത്തുകയോ ചെയ്യുക
4. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

P/014/2025/ തീയതി: 24/04/2025.

അയക്കുന്നത്:

1. ശ്രീമതി. ചിത്ര നായർ, പ്രിൻസിപ്പൽ, ഭാരതീയ വിദ്യാ ഭവൻസ് വിദ്യാ മന്ദിർ, പൂച്ചട്ടി, ഇരവിമംഗലം പി.ഓ, തൃശ്ശൂർ ജില്ല - 680751
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മണ്ണുത്തി, തൃശ്ശൂർ ജില്ല

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - 683503